## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1654** **14.08.2017-ൽ മറുപടിക്ക്**

# ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പല വകുപ്പുകളിലും ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പെയിനിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിലും 2017 മേയ് മാസത്തിലുമായി രണ്ട് ഘട്ടങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന പരമാവധി ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting and Monitoring System) എന്ന സോഫ്റ്റ് വെയറും ഇതിനായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ആഫീസർ